## ലേബർ കമ്മീഷണറുടെ നടപടിക്രമം

## (സാന്നിദ്ധ്യം : സഫ്ന നസറുദ്ദീൻ ഐ .എ .എസ്)

വിഷയം: തൊഴിൽ വകുപ്പ് – എൻഫോഴ്സ്മെന്റ് – കേരള നിയമസഭാ പൊതു തെരഞ്ഞെടുപ്പ് 2026- വോട്ടെടുപ്പ് നടക്കുന്ന ദിവസം സ്വകാര്യ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ഐ.ടി. മേഖല, പ്ലാന്റേഷൻ മേഖല എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വേതനത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന: 21.03.2026 തീയതിയിലെ സ.ഉ.(സാധാ) നം.1462/2026/പൊ.ഭ.വ.

**ഉത്തരവ് നമ്പർ LCO/5702/2025-EN(2) തീയതി: 30-03-2026**

2026 –ലെ കേരള നിയമസഭാ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടെടുപ്പ് നടക്കുന്ന 2026 ഏപ്രിൽ 9-ന് സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യമേഖലയിലെ വാണിജ്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പൊതു അവധി പ്രഖ്യാപിച്ചുകൊണ്ടും സംസ്ഥാനത്തെ എല്ലാ സ്വകാര്യ സ്ഥാപനങ്ങളും, സ്വകാര്യ വ്യവസായ കേന്ദ്രങ്ങളും, ഷോപ്പ്സ് ആന്റ് കൊമ്മേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളും വോട്ടെടുപ്പ് ദിവസം തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടിയ അവധി അനുവദിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനു ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ടും വായന പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും സ്വകാര്യ വ്യവസായ കേന്ദ്രങ്ങളിലേയും, ഷോപ്പ്സ് ആന്റ് കൊമ്മേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാർക്കും തൊഴിലാളികൾക്കും വോട്ടെടുപ്പ് ദിവസം വോട്ട് രേഖപ്പെടുത്തുന്നതിന് വേതനത്തോടുകൂടിയ അവധി അനുവദിക്കുന്നതിന് ഉത്തരവാകുന്നു. ടി അവധിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടേയും, തൊഴിലാളികളുടേയും വേതനത്തിൽ കുറവുവരുത്തുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതും സാധാരണയായി അത്തരമൊരു അവധി ദിവസത്തിൽ വേതനം ലഭിക്കാത്ത രീതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും

അവധി അനുവദിച്ചിട്ടില്ലായിരുന്നുവെങ്കിൽ ലഭിക്കേണ്ടിയിരുന്ന വേതനം നൽകേണ്ടതുമാണ്. എന്നാൽ അപ്രകാരം ഒരാളിന് അവധി അനുവദിക്കുന്നതിന് അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് തുടർച്ചയായതോ, ആപത്ക്കരമോ സാരവത്തായ നഷ്ടമോ ഇടവരുന്നുണ്ടെങ്കിൽ അയാൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും ഇതിനാൽ ഉത്തരവാകുന്നു.

വോട്ടെടുപ്പ് നടക്കുന്ന മണ്ഡലത്തിൽ സ്ഥിരതാമസമുള്ളവരും വോട്ടറായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതുമായതും എന്നാൽ ടി മണ്ഡലത്തിനു പുറത്തുള്ള സ്വകാര്യ വ്യാവസായിക സ്ഥാപനങ്ങളിലോ, മറ്റ് സ്ഥാപനങ്ങളിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ദിവസവേതന/ കാഷ്വൽ/ കോൺട്രാക്ട് ഉൾപ്പെടെയുള്ള തൊഴിലാളികൾ അന്നേ ദിവസം വേതനത്തോടുകൂടി അവധിയ്ക്ക് അർഹരാണ്.

മേൽ ഉത്തരവ് ഐ.ടി. മേഖല,വ്യവസായ മേഖല ,പ്ലാന്റേഷൻ മേഖല, നിർമാണ മേഖല എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർ , ജില്ലാ ലേബർ ഓഫീസർമാർ (ഇ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II എന്നിവർ മേൽ ഉത്തരവ് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

Safna Nazarudeen
LABOUR COMMISSIONER

പകർപ്പ് :

1. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
2. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്
3. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും (ഇ)
4. പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർക്കും
5. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II) മാർക്കും
6. പബ്ലിസിറ്റി ഓഫീസർ
7. ഐ.റ്റി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട് ( എൻഫോഴ്സ്മെന്റ്)